ആർ.സി.എസ്/4479/2018/ഇ.എം.(5) സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി, 22.6.2018

# സർക്കുലർ നം. 34/18

വിഷയം - സഹകരണ വകുപ്പ് – സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിലവിലുള്ളതും 31.7.2020 വരെ ഉണ്ടാകാൻ സാദ്ധ്യതയുള്ളതുമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് – നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന - സഹകരണ സർവീസ് പരീക്ഷാ ബോർഡ് സെക്രട്ടറിയുടെ 29.5.2018 ലെ സി.എസ്.ഇ.ബി/ആർ.എൽ/1391/2018 നം. കത്ത്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ പ്രാഥമിക വായ്പ സംഘങ്ങൾ/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിലെ നിലവിലുള്ളതും, 31.7.2020 വരെ ഉണ്ടാകാൻ സാധ്യതയുള്ളതുമായ ഒഴിവുകൾ 1.7.2018 ന് മുമ്പ് ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ സഹകരണ സംഘം രജിസ്ട്രാറെ അറിയിക്കേണ്ടതാണ്.

| ക്രമ നം | തസ്തികയുടെ പേര് | എണ്ണം | ഒഴിവുകൾ നിലവിൽ വരുന്ന തീയതി |
|---|---|---|---|
| | | | |

റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിലോ/ ദിവസവേതനാടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിക്കുവാൻ പാടുള്ളതല്ല. അപ്രകാരം നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരെ അടിയന്തിരമായി പിരിച്ചു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി നിർദ്ദേശത്തിന് വിരുദ്ധമായി താൽക്കാലിക / ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ആഡിറ്റർ പരിശോധിക്കേണ്ടതും ആയത് ആഡിറ്റ് റിപ്പോർട്ടിൽ ന്യൂനതാ സംഗ്രഹത്തിൽ ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത ജീവനക്കാരുടെ ശമ്പളമായി നൽകിയിട്ടുള്ള തുക ആഡിറ്റിൽ തടയേണ്ടതുമാണ്. ഇങ്ങനെയുള്ള തുകകൾ ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്,
ഡോ.ഡി.സജിത് ബാബു, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
4. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. സഹകരണ വീഥി
6. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)